വൈദ്യരത്നം പി.എസ്. വാരിയരുടെ

# ആര്യവൈദ്യശാല, കോട്ടയ്ക്കൽ

## "ആര്യവൈദ്യൻ എൻ.വി.കെ. വാരിയർ & ആര്യവൈദ്യൻ മാധവിക്കുട്ടി എൻഡോവ്മെന്റ്"
## പ്രബന്ധമത്സരം 2023

## നിബന്ധനകൾ

1. ഈ പ്രബന്ധമത്സരം കേരളത്തിലെ ആയുർവേദകോളേജുകളിലെ ബിരുദവിദ്യാർത്ഥികളെയും ഹൗസ് സർജൻമാരെയും മാത്രം ഉദ്ദേശിച്ചുള്ളതാണ്. (ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ല)
2. ഈ പ്രബന്ധമത്സരത്തിന്റെ പേര് **'ആര്യവൈദ്യൻ എൻ.വി.കെ. വാരിയർ & ആര്യവൈദ്യൻ മാധവിക്കുട്ടി എൻഡോവ്മെന്റ്'** എന്നാണ്.
3. 2023-ലെ പ്രബന്ധമത്സരത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഷയം **'ആഹാരത്തിൽ ചെറുധാന്യങ്ങളെക്കുറിച്ചുള്ള ആരോഗ്യപരമായ അവലോകനം - ഒരു ആയുർവേദ വീക്ഷണം'** (Ayurvedic Dietetics - A clinical overview with special reference to millets) എന്നതാണ്.
4. ആര്യവൈദ്യശാല നിയമിക്കുന്ന ഒരു കമ്മറ്റി ഒന്നും രണ്ടും സമ്മാനങ്ങൾക്ക് അർഹമായി പ്രഖ്യാപിക്കുന്ന പ്രബന്ധകർത്താക്കൾക്ക് യഥാക്രമം 10,000 രൂപയും 8,000 രൂപയും പ്രശംസാപത്രവും സമ്മാനമായി നൽകുന്നതാണ്. എന്നാൽ ഒന്നിലധികം പ്രബന്ധങ്ങൾ ഏറ്റവും നല്ലവയും തുല്യയോഗ്യതയുള്ളവയുമായി വിധിക്കപ്പെട്ടാൽ മൊത്തം സമ്മാനത്തുകയായ 18,000 രൂപ ആ പ്രബന്ധകർത്താക്കൾക്ക് തുല്യമായി വീതിക്കുന്നതാണ്. അപ്പോൾ രണ്ടാം സമ്മാനം ഉണ്ടായിരിക്കുന്നതല്ല. രണ്ടാം സമ്മാനത്തിന് അർഹമാകുന്ന പ്രബന്ധത്തെ സംബന്ധിച്ചാണ് ഇങ്ങനെയൊരവസ്ഥ ഉണ്ടാകുന്നതെങ്കിൽ, രണ്ടാം സമ്മാനത്തുകയായ 8,000 രൂപ ആ പ്രബന്ധകർത്താക്കൾക്ക് തുല്യമായി വീതിക്കുന്നതാണ്.
5. പ്രബന്ധം മൗലികവും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഏതെങ്കിലും ഒന്നിൽ Times New Roman Font 12 size ൽ A4 പേജിൽ 3,000 വാക്കുകളിൽ കുറയാതെയും 4,000 വാക്കുകളിൽ കവിയാതെയും തയ്യാറാക്കേണ്ടതാണ്. പ്രബന്ധങ്ങൾ പേജിന്റെ ഒരു പുറത്തുമാത്രം ടൈപ്പ് ചെയ്തിരിക്കണം. പ്രബന്ധത്തോടൊപ്പം അര പേജിൽ കവിയാതെ പ്രബന്ധത്തിന്റെ ഒരു ചുരുക്കവും ഉണ്ടായിരിക്കണം. പ്രബന്ധരചനയ്ക്ക് ആസ്പദമാക്കിയ പുസ്തകങ്ങളുടെ റഫറൻസും സൂചിപ്പിക്കേണ്ടതാണ്.
6. പ്രബന്ധത്തിൽ ഒരിടത്തും രചയിതാവിന്റെ പേരോ മേൽവിലാസമോ ഉണ്ടായിരിക്കരുത്. ആമുഖമായി വെയ്ക്കുന്ന കത്തിൽ രചയിതാവിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവ ചേർത്തിരിക്കണം. കോളേജ് വിദ്യാർത്ഥിയാണെന്നതിന് തെളിവായി പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രവും അയക്കേണ്ടതാണ്.
7. പ്രബന്ധത്തിന്റെ **നാലു കോപ്പികൾ,** കവറിന്മേൽ **'ആര്യവൈദ്യൻ എൻ.വി.കെ. വാരിയർ & ആര്യവൈദ്യൻ മാധവിക്കുട്ടി എൻഡോവ്മെന്റ് പ്രബന്ധമത്സരം'** എന്നെഴുതി "**മാനേജിംഗ് ട്രസ്റ്റി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ, മലപ്പുറം ജില്ല, പിൻ - 676 503**" എന്ന മേൽവിലാസത്തിൽ **2023 ജൂലൈ 31-ാം** തീയതിക്കുള്ളിൽ കിട്ടേണ്ടതാണ്.
8. സമ്മാനാർഹമല്ലാത്ത പ്രബന്ധങ്ങൾ തൽക്കർത്താക്കൾക്ക് തിരിച്ചയയ്ക്കുവാൻ ഞങ്ങൾ ബാധ്യസ്ഥരല്ല. ആയതിനാൽ പ്രബന്ധകർത്താക്കൾ ഓരോ കോപ്പി സ്വന്തമായി സൂക്ഷിക്കുന്നത് നന്നായിരിക്കും.
9. സമ്മാനാർഹമാകുന്ന പ്രബന്ധത്തിന്റെ പകർപ്പവകാശം ആര്യവൈദ്യശാലയ്ക്കായിരിക്കും.
10. സമ്മാനാർഹമായ നിലവാരമുള്ള പ്രബന്ധങ്ങളൊന്നും ലഭിച്ചിട്ടില്ലെന്ന് പരിശോധകർ വിധിക്കുന്ന പക്ഷം സമ്മാനങ്ങൾ വേണ്ടെന്നു വെയ്ക്കാൻ ആര്യവൈദ്യശാലാ അധികൃതർക്ക് അധികാരമുണ്ടായിരിക്കും.
11. മത്സരം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ആര്യവൈദ്യശാലാ ട്രസ്റ്റിബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.
12. കൂടുതൽ വിവരങ്ങൾക്ക്: 9947239711 [ഡോ. എ. രഘുനാഥൻ, എക്സിക്യൂട്ടീവ് എഡിറ്റർ, സെന്റർ ഫോർ ടെക്സ്ചൽ സ്റ്റഡീസ് & പബ്ലിക്കേഷൻസ് (CTSP), ആര്യവൈദ്യശാല, കോട്ടയ്ക്കൽ], 0483-2742225 / 2746665 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. Email: publications@aryavaidyasala.com, avspublications@gmail.com

കോട്ടയ്ക്കൽ
ജൂൺ 15, 2023

P. Madhavankutty
മാനേജിംഗ് ട്രസ്റ്റി